| അനുഭവം 1 | മുജാഹിദ് ചന്ദ്ര |
|---|---|

## പരമകാരുണികനിലേക്കുള്ള പാത

---

ബ്രിട്ടീഷുകാരെ കിടുകിടാ വിറപ്പിച്ച വീരശൂര പരാക്രമിയായ പഴശ്ശിരാജയുടെ മണ്ണിൽ; ഒരു യാഥാസ്ഥിതിക തീയ്യ കുടുംബത്തിലെ രണ്ടാമത്തെ സന്തതി. ഓർമവെച്ച കാലം മുതൽ അച്ഛന്റെശകാരവർഷത്തിൽനിന്നും രക്ഷതേടി അച്ഛമ്മയുടെ മാറിൽ മുഖം മറച്ച് തേങ്ങിക്കരയാനായിരുന്നു എൻെറ വിധി. ഉറക്കം വരാത്ത രാത്രികളിൽ അച്ഛമ്മ പറഞ്ഞുതന്നിരുന്ന യക്ഷിക്കഥകൾ എൻെറ മനസ്സിൽ ഭയത്തിൻെറ വിത്തുപാകിത്തുടങ്ങി. സന്ധ്യക്ക് ഗുളികൻ തറയിൽ വിളക്ക് കൊളുത്താൻ പോകുന്ന അച്ഛമ്മയുടെ കോന്തലത്തുമ്പിൽ പിടിച്ചുനടക്കുമ്പോൾ, ഉരു ണ്ട കണ്ണുകളും പുറത്തേക്ക് നീണ്ട നാക്കുമുള്ള ഗുളികൻ ദൈവത്തെഓർത്ത് എൻെറ മനസ്സ് ഭയത്തിന്റെഅഘാത കയങ്ങളിലേക്കാണ്ടുപോകുമായിരുന്നു. ദൈവങ്ങളെ ഭയന്ന് രാത്രികാലങ്ങളിൽ പുറത്തിറങ്ങാൻ പോലും അച്ഛമ്മ കൂടെ വേണമായിരുന്നു. അങ്ങനെ ഒരിരുണ്ട രാത്രി അച്ഛമ്മയുടെ പുതപ്പിനുള്ളിൽ മുഖമൊളിപ്പിച്ച് മയക്കത്തിലേക്ക് വഴുതിവീണു കൊണ്ടിരുന്നപ്പോൾ തൊട്ടടുത്തുനിന്നും ഗുളികൻെറ അലർച്ച കേട്ട് ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു. കണ്ണു തുറന്നുനോക്കുമ്പോൾ അച്ഛമ്മ മുടിയഴിച്ചിട്ട് അലറുന്നു. ഭൂമി കിടുങ്ങുമാറുച്ചത്തിൽ കൂവുന്നു. തൊട്ടടുത്ത അച്ഛനും ആപ്പന്മാരും അച്ഛമ്മയെ പിടിച്ച് ഒതുക്കിനിർത്താൻ ശ്രമിക്കുന്നു. അതുവരെയും പേടിമാറാൻ അച്ഛമ്മയെ കെട്ടിപ്പിടിച്ചുകിടക്കുമായിരുന്ന എനിക്ക്, ആ നിമിഷം മുതൽ അച്ഛമ്മയിൽ ഒരുയക്ഷിയെ കണ്ടുതുടങ്ങി. അന്നുരാത്രി മുഴുവൻ ഉറങ്ങിയിട്ടില്ല. അടുത്ത രണ്ടു മൂന്നു രാത്രികളും ഉറക്കം എൻെറ ഏഴയലത്തുപോലും വന്നില്ല. അമ്മ പ്രസവിക്കാൻ സ്വന്തം വീട്ടിലേക്ക് വന്നപ്പോൾ വാശിപിടിച്ച് ഞാനും കൂടെപ്പോന്നു.

അങ്ങനെ ഗുളികൻെറയും യക്ഷിയുടെയും ശല്യം ഒഴിവായി. പക്ഷേ, ദൈവങ്ങളോടുള്ള എൻെറ ഭയവും ശത്രുതയും കൂടിവന്നതേയുള്ളൂ. വീട്ടിൽ ഗണപതി ഹോമം നടക്കുമ്പോൾ ഹോമകുണ്ടത്തിൽനിന്നും ചിന്നംവിളിച്ചിറങ്ങിവരുന്ന ഗജവീരനെ ഓർത്ത് ഞാൻ കട്ടിലിനടിയിൽ ഒളിച്ചിരിക്കും. സ്കൂളിൽ പോകാൻ തുടങ്ങിയതോടെ എൻെറ ശത്രു ദൈവങ്ങളുടെ പട്ടികയിൽ ഒരെണ്ണം കൂടുതലായി. മെരുമ്പായി പള്ളി ശ്രക്കോന്മാരെന്ന ദൈവം. സ്കൂളിലേക്ക് നടന്നുപോകുമ്പോൾ പള്ളിക്കടുത്ത റോഡിൽ നിന്നും വീണുകിട്ടിയ ചില്ലറത്തുട്ടുകൾ കീശയിലാക്കിയപ്പോൾ, പള്ളിയിലെ മാഞ്ജുക്കയിലൂടെ ശ്രക്കോന്മാരുടെ ശക്തി മനസ്സിലാക്കിയപ്പോൾ മുതൽ പള്ളിക്കടുത്തുനിന്നും ഓടിയാൽ സ്കൂളിൽ ചെന്നേ തിരിഞ്ഞുനോക്കാറുള്ളൂ. വർഷങ്ങൾ ഓരോന്ന് പിന്നിടുമ്പോഴും എൻെറ ശത്രുക്കളായ ദൈവങ്ങളുടെ എണ്ണം കൂടിവന്നു. അങ്ങനെ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിയുമ്പോഴേക്കും തികഞ്ഞൊരു നിരീശ്വര നിർമദവാദിയായും കമ്യൂണിസ്റ്റായും ഞാൻ സ്വയം രൂപമാറ്റം നടത്തി വിദ്യാർഥി നേതാവായി ഞെളിഞ്ഞു നടന്നകാലം. മതങ്ങളെയും ദൈവങ്ങളെയും എതിർക്കലും ചീത്തവിളിക്കലുമാണ് ഒരു യഥാർഥ വിപ്ലവകാരിയുടെ ലക്ഷണമെന്ന മിഥ്യാധാരണ നിമിത്തം ചെല്ലുന്നിടത്തെല്ലാം ദൈവങ്ങളെ തെറിവിളിക്കാൻ തുടങ്ങി. മതങ്ങളെയും ദൈവങ്ങളെയും വിമർശിക്കണമെങ്കിൽ അതിനെപ്പറ്റിതന്നെ കുറച്ചെന്തെങ്കിലും പഠിച്ചിരിക്കണമെന്ന തിരിച്ചറിവിൻെറ ഭാഗമായി, കിട്ടാവുന്ന ഗ്രന്ഥങ്ങളൊക്കെ വായിക്കാൻ തുടങ്ങി. വിമർശിക്കാൻ വേണ്ടി മാത്രമുള്ളൊരു മതപഠനം. ബൈബിൾ പഠനത്തോടൊപ്പം ഒരു ക്രിസ്ത്യാനി പെൺകുട്ടിയുംകൂടി ജീവിതത്തിലേക്ക് കടന്നുവന്നപ്പോൾ എൻെറ മതപഠനം മറ്റൊരു വഴിത്തിരിവിലേക്കെത്തി. ഉൽപത്തി പുസ്തകവും ആവർത്തനവും വായിച്ചുകഴിഞ്ഞപ്പോൾതന്നെ മതപഠനം മതിയാക്കാമെന്ന നിലയിലെത്തി. ആയിടക്കാണ് ഖലീഫാ ഉമറിൻെറ കഥകൾ വായിക്കാനിടയായത്. ഉമറിനെ മാതൃകാ ഭരണാധികാരിയാക്കി മാറ്റിയത് വിശുദ്ധ ഖുർആനാണെന്ന് മനസ്സിലായപ്പോൾ ഖുർആനിനെപ്പറ്റി പഠിക്കാൻ തീരുമാനിച്ചു. പക്ഷേ, സംഗതി അത്ര എളുപ്പമായിരുന്നില്ല. എൻെറ ആവശ്യം നേരിട്ട് പറഞ്ഞപ്പോൾ പല മുസ്ലിം സുഹൃത്തുക്കളും നിരുൽസാഹപ്പെടുത്തി. ഖുർആൻ തൊടാനുള്ള അവകാശം പോലും എനിക്കില്ലെന്ന് പോലും

ചിലർ വാദിച്ചു. പക്ഷേ, എൻെറ വാശിയും അതോടൊപ്പം ഏറി വന്നതേയുള്ളൂ. അങ്ങനെയിരിക്കെ എൻെറ സുഹൃത്ത് മുഖേന ഞാൻ 'നിച്ച് ഓഫ് ട്രൂത്തു'മായി ബന്ധപ്പെട്ടു. പിന്നെയെല്ലാം പെട്ടെന്നായിരുന്നു. ഞാൻ നിച്ചിൻെറ പഠിതാവാവുകയും സുഹൃത്ത് തന്ന ഖുർആൻ പരിഭാഷ രണ്ടാവർത്തി വായിക്കുകയും ചെയ്തപ്പോഴേക്കും എനിക്കെൻെറ മാർഗം വ്യക്തമായിത്തുടങ്ങി.
മതങ്ങൾ മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന് വിശ്വസിച്ചിരുന്ന എനിക്ക്, ജ്ഞാനത്തിൻെറയും സമാധാനത്തിൻെറയും സത്യത്തിൻെറയും കൈത്തിരി കത്തിച്ചുതന്നത് നിച്ച് ആയിരുന്നു എന്ന് പറയാൻ അഭിമാനമുണ്ട്. എന്നെപ്പോലെ അജ്ഞതയുടെയും അന്ധവിശ്വാസത്തിൻെറയും നീർച്ചുഴിയിൽപെട്ട് വട്ടംകറങ്ങുന്ന ആയിരങ്ങൾക്ക് നിച്ചിൻെറ വിളക്കുമാടം വഴികാട്ടിയാകുമാറാകട്ടെ! യഥാർഥ സത്യവിശ്വാസം ഉൾക്കൊള്ളാൻ വൈകിപ്പോയതിലുള്ള നഷ്ടബോധം മാത്രമേ ഇന്നെന്നെ അലട്ടുന്നുള്ളൂ. മുമ്പേതന്നെ സത്യം മനസ്സിലാക്കിയിരുന്നെങ്കിൽ ഇപ്പോഴേക്കും ഞാൻ വിശുദ്ധ ഖുർആൻ തെറ്റുകൂടാതെ പാരായണം ചെയ്യാൻ കഴിവുനേടിയേനെ. ക്യു.എൽ.എസിൻെറ പഠിതാവെന്ന നിലയിൽ വിശുദ്ധഖുർആൻ പഠനം തുടരാൻ കഴിയുന്നത് ഒരു വിധത്തിൽ അല്ലാഹുവിൽനിന്നുള്ള അനുഗ്രഹംതന്നെ അനന്ധവിശ്വാസത്തിൻെറയും അനാചാരത്തിൻെറയും അധാർമികതയുടെയും അന്ധകാര നിബിഢമായ പടുകുഴിയിൽനിന്നും സത്യത്തിൻെറയും സമാധാനത്തിൻെറയും പ്രകാശപൂരിതമായ പുതുലോകത്തേക്ക് എന്നെ കൈ പിടിച്ചുയർത്തിയ പേരുകൾ ഞാൻ എന്നെന്നും നന്ദിയോടെ ഓർത്തുകൊണ്ടിരിക്കുന്നു. ഇനിയും എന്നെപ്പോലെ ഒരുപാടുപേരെ സത്യത്തിൻെറ വെളിച്ചത്തിലേക്ക് നയിക്കാൻ അവർക്ക് സർവശക്തനായ അല്ലാഹു കഴിവ് നൽകുമാറാകട്ടെ!
സത്യപ്രകാശത്തിൻെറ ദിശയിലേക്കുള്ള എൻെറ പ്രയാണം എൻെറ കുടുംബാംഗങ്ങൾക്കിടയിലും ഞാൻ താണ്ടിക്കടന്നുവന്നിട്ടുള്ള സമുദായത്തിലും ഒരു ബാധ ഒഴിവായിപ്പോയല്ലോ എന്ന് ആശ്വാസം ജനിപ്പിക്കുമ്പോൾ എൻെറ ഗ്രാമത്തിലെ മുസ്‌ലിം സമൂഹത്തിന് ഞാൻ തികച്ചും ഒരനഭിമതനായിരിക്കുകയാണ്. ഒരു നൂറ്റാണ്ടുകാലത്തോളം മെരുവമ്പായി ശ്രക്കോന്മാരുടെ പേരിൽ ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും കീശയിൽ കൈയിട്ടുവാരിയിരുന്ന

പള്ളിക്കമ്മിറ്റിക്കാർക്ക് തെറ്റുകളെ എതിർക്കുന്ന ഒരുവനെ അംഗീകരിക്കാൻ പ്രയാസംതന്നെയാണ്.
അതുകൊണ്ടുതന്നെ, ഭാര്യ ക്രിസ്ത്യാനിയാണ്, പൊന്നാനി സർട്ടിഫിക്കറ്റില്ല പേരുമാറ്റിയില്ല എന്നൊക്കെയുള്ള മുടന്തൻ ന്യായങ്ങൾപറഞ്ഞ് പള്ളിയിൽ പ്രവേശിക്കുന്നതിൽനിന്നും എന്നെ തടഞ്ഞിരിക്കുകയാണ്. അല്ലാഹു അവർക്ക് നല്ല ബുദ്ധി പ്രദാനം ചെയ്യുമാറാകട്ടെ! ഇന്നല്ലെങ്കിൽ നാളെ അവരിൽ കുറച്ചുപേരെങ്കിലും സത്യം മനസ്സിലാക്കി ഇതിൽനിന്നും പിന്തിരിയുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും മാർഗത്തിൽനിന്നും ശിർക്കിൽനിന്നും ബിദ്അത്തിൽനിന്നും രക്ഷനേടി യഥാർത്ഥ സത്യവിശ്വാസികളായി ജീവിച്ച് മരിക്കാൻ മുഴുവൻ മാനവരാശിക്കും പ്രപഞ്ചനാഥനായ അല്ലാഹു ഹിദായത്ത് നൽകുമാറാകട്ടെ (ആമീൻ)

മുജാഹിദ് ചന്ദ്ര
ചന്ദ്രികത്ത്
മെരുവമ്പായി
നീർവേലി പി.ഒ
കണ്ണൂർ– 670 701